**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2682** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കാത്തതിനാൽ കോളനി നിവാസികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലും, കോർപ്പസ് ഫണ്ട്, അടിയ-പണിയപാക്കേജ് എന്നിവയിൽ ഉൾപ്പെടുത്തിയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| (ബി) | കൂത്തുപറമ്പ് മണ്ഡലത്തിലെ അമ്മാറമ്പ് കോളനിയിൽ സാംസ്കാരിക നിലയം ഉൾപ്പെടെയുള്ള 1 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഇപ്പോഴും പാതി വഴിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>അമ്മാറമ്പ് കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പ്രവൃത്തികളിൽ കിണർ നവീകരണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, വാട്ടർടാങ്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നവീകരണം, ഭവന നിർമ്മാണം, നടപ്പാത നിർമ്മാണം, തെരുവ് വിളക്ക് സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. പൂർത്തീകരിക്കാത്ത നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കോളനിയിൽ കുടിവെള്ള വിതരണം, കോൺക്രീറ്റ് റോഡുകൾ, ത്രീഫേസ് ലൈൻ കണക്ഷൻ, തെരുവ് വിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | അമ്മാറമ്പ് കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കിണർ നവീകരണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെടാത്ത കോൺക്രീറ്റ് റോഡ്, ത്രീഫേസ് വൈദ്യുതി ലൈൻ എന്നിവ ഊരുകൂട്ട തീരുമാന പ്രകാരം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ